بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

# ജുമുഅഃ ഖുത്ബ സംഗ്രഹം 10.03.2023

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെയിലെ മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.***

## വിശുദ്ധ ഖുർആനിന്റെ മഹത്വവും പ്രാധാന്യവും - 4

اَشْهَدُ اَنْ لَّااِلٰهَ اِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطَانِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ

نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ

عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഇപ്പോൾ ഖുത്ബകളിൽ ഞാൻ പരാമർശിച്ചുകൊണ്ടിരിക്കുന്ന വിശുദ്ധ ഖുർആനിന്റെ മഹത്വങ്ങളേയും മേന്മകളേയും കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: വിശുദ്ധ ഖുർആൻ മറ്റൊരു ഗ്രന്ഥത്തിനും മത്സരിക്കാൻ കഴിയാത്തവിധം തികഞ്ഞതും സമഗ്രവുമായ ഒരു ഗ്രന്ഥമാണെന്ന് ഞാൻ സത്യമായും പറയുന്നു. ഒരു ഉദാഹരണം നൽകിക്കൊണ്ട് അവിടുന്ന് പറയുന്നു: വേദങ്ങളിൽ هُدًى لِّلۡمُتَّقِيۡنَ എന്നതിനോട് മത്സരിക്കുന്ന എന്തെങ്കിലും ശ്രുതിയുണ്ടോ? വാക്കാലുള്ള ഏറ്റു പറച്ചിൽ മാത്രം മതിയെങ്കിൽ, അതിന്റെ ഫലങ്ങളുടെ ആവശ്യമില്ലെങ്കിൽ, ലോകം മുഴുവനും ദൈവത്തെ ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു രൂപത്തിൽ അംഗീകരിക്കുകയും ഭക്തി, ആരാധന, ദാനധർമ്മം എന്നിവയെ നല്ലതായി കണക്കാക്കുകയും ഏതെങ്കിലും രൂപത്തിൽ അക്കാര്യങ്ങൾ പ്രാവർത്തികമാക്കുകയും ചെയ്യുന്നതാണ്. ഹിന്ദുക്കൾക്ക് മറുപടിയായി അവിടുന്ന് പറഞ്ഞു: അപ്പോൾ വേദങ്ങൾ ലോകത്തിനായി എന്താണ് ചെയ്തത്? അല്ലെങ്കിൽ വേദങ്ങളെ അംഗീകരിക്കാത്ത ജനതകളിൽ സദ്ഗുണങ്ങളെല്ലാം നഷ്ടപ്പെട്ടു എന്ന് തെളിയിക്കുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അവൻ വിശുദ്ധ ഖുർആൻ ആരംഭം മുതൽ തന്നെ സ്വാഭാവികമായും ആവശ്യപ്പെടുന്ന പുരോഗതികൾ വാഗ്ദാനം ചെയ്തിട്ടുണ്ട്. അതിനാൽ സൂറഃ ഫാത്തിഹയിൽ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ എന്ന അധ്യാപനം നൽകി. അല്ലാഹുവേ, ഞങ്ങളെ നേർവഴിയിൽ നയിക്കേണമേ എന്ന് നീ പ്രാർത്ഥിക്കണമെന്ന് പറഞ്ഞു. മാർഗദർശനത്തിനായി പ്രാർത്ഥിച്ചപ്പോൾ നേരായ മാർഗത്തിൽ നടത്തുമെന്ന് വാഗ്ദാനവും ചെയ്തു. അത് നീ അനുഗ്രഹിച്ചവരുടെ മാർഗമാകുന്നു. ഈ പ്രാർത്ഥന പഠിപ്പിച്ചതിനോടൊപ്പം സൂറത്തുൽ ബഖറയിലെ ആദ്യ വചനത്തിൽ സന്തോഷവാർത്തയും നൽകി. ذٰلِكَ الۡكِتٰبُ لَا رَيۡبَ ۛۚ فِيۡهِ ۛۚ هُدًى لِّلۡمُتَّقِيۡنَ ۙ﴿۲﴾ സന്മാർഗത്തിന് പ്രാർത്ഥന പഠിപ്പിക്കുകയും അത് നേടാനുള്ള കർമ്മ പദ്ധതിയും പറഞ്ഞു തന്നു. അത് അനുസരിക്കുന്നതിലൂടെ ഭക്തർക്ക് മാർഗദർശനം ലഭിക്കുന്നതാണ്. ആത്മാക്കൾ പ്രാർത്ഥിക്കുകയും അതേ സമയം സ്വീകാര്യത അതിന്റെ ഫലം കാണിക്കുകയും ചെയ്യുന്നതുപോലെ. വിശുദ്ധ ഖുർആന്റെ അവതരണത്തിലൂടെ ആ വാഗ്ദത്തം നിറവേറ്റപ്പെടുകയും ചെയ്യുന്നു. അല്ലാഹു ചെയ്ത കൃപയും അനുഗ്രഹവുമാണ് ഇത്. പക്ഷേ നിർഭാഗ്യവശാൽ ലോകം അതിനെക്കുറിച്ച് അജ്ഞതയിലും അശ്രദ്ധതയിലും അതിൽ നിന്ന് അകന്നുകൊണ്ട് നശിക്കുകയും ആണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഞാൻ വീണ്ടും പറയുന്നു: ഖുർആനിലെ മുത്തഖികളുടെ വിശേഷണങ്ങൾ അല്ലാഹു ചെറിയ വിശേഷണങ്ങളായിട്ടാണ് വെച്ചിട്ടുള്ളത്. എന്നാൽ ഒരു വ്യക്തി അതിൽ വിശ്വസിക്കുകയും അത് തന്റെ ഹിദായത്തിനുള്ള കർമരേഖയാക്കുകയും ചെയ്യുമ്പോൾ هُدًى لِّلۡمُتَّقِيۡنَ ൽ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള മാർഗനിർദേശത്തിന്റെ ഏറ്റവും ഉയർന്ന പദവികൾ അവൻ കൈവരിക്കുന്നു. പറയുന്നു: വിശുദ്ധ ഖുർആന്റെ അധ്യാപനം സമ്പൂർണമാണ്. കാലഘട്ടത്തിന്റെ അനിവാര്യതയാണ് തിരുനബി(സ)യുടെ ആഗമനത്തിന്റെ മറ്റൊരു തെളിവ്. അതിന്റെ പരിണിതി اَلۡيَوۡمَ اَكۡمَلۡتُ لَكُمۡ എന്നതിൽ പറയുന്നു. അതായത് അക്കാലത്തെ സാഹചര്യങ്ങൾ നബി(സ)യുടെ ദൗത്യത്തിന് തെളിവായിരുന്നു. ഇത് പ്രവാചകത്വ കവാടത്തിന്റെ രണ്ടാം അധ്യായമാണ്. സൂറത്തുകൾ ഇറക്കി എന്നതല്ല പൂർണതകൊണ്ട് അർഥമാക്കുന്നത്, മറിച്ച് ആത്മനിർവൃതിയുടെയും ഹൃദയ ശുദ്ധീകരണത്തിന്റെയും അവസ്ഥ പൂർത്തിയാക്കി. മൃഗതുല്യതയിൽനിന്ന് മനുഷ്യനും ശേഷം ബുദ്ധിയും, ധാർമ്മികതയുമുള്ള മനുഷ്യനും തുടർന്ന് ദൈവീകരായ മനുഷ്യരുമാക്കി. നാഗരികതയുടെയും സ്വയം ശുദ്ധീകരണത്തിന്റെയും ഏറ്റവും ഉയർന്ന മാനദണ്ഡങ്ങൾ മനുഷ്യനെ പഠിപ്പിക്കുകയും അതിനെ പാരമ്യതയിൽ എത്തിക്കുകയും ചെയ്തു.

അതുപോലെ, അല്ലാഹുവിന്റെ ഗ്രന്ഥത്തേയും പരിപൂർണമാക്കി. ഒരു സത്യവും ആധികാരികതയും വിശുദ്ധ ഖുർആനിൽ ഇല്ലാത്തതായിട്ടില്ല.

ഹദ്റത്ത് മസീഹ് മൗഊദ്[അ] പറയുന്നു: മിക്ക മുസ്‌ലിംകൾക്കും സംഭവിച്ച മറ്റൊരു അബദ്ധമെന്തെന്നാൽ അവർ വിശുദ്ധ ഖുർആനേക്കാൾ ഹദീസിനാണ് മുൻഗണന നൽകുന്നത്, വാസ്തവത്തിൽ ഇത് തെറ്റാകുന്നു. വിശുദ്ധ ഖുർആന് ദൃഢബോധ്യമായ ഒരു പദവിയുണ്ട്; ഹദീസിന്റെ നില സംശയാസ്പദമാണ്. ഹദീസ് വിധികർത്താവ് അല്ല. ഖുർആൻ അതിന്റെ വിധികർത്താവാണ്. തീരുമാനം എടുക്കേണ്ടത് ഖുർആനാണ്. എന്നാൽ ഹദീസ് വിശുദ്ധ ഖുർആന്റെ വ്യാഖ്യാനമാണ്. ഹദീസ് പരിശുദ്ധ ഖുർആനുമായി വിരുദ്ധമാകാതെയും അതിനനുസരിച്ചുള്ളതുമാണെങ്കിലും വിശ്വസിക്കേണ്ടത് ആവശ്യമാണ്. അത് വിരുദ്ധമാണെങ്കിൽ അത് ഹദീസല്ല. നിർജീവ പദമാണ്. എന്നാൽ ഹദീസ് വിശുദ്ധ ഖുർആൻ മനസ്സിലാക്കാൻ അത്യാവശ്യവുമാണ്. വിശുദ്ധ ഖുർആനിൽ വെളിപ്പെട്ട ദൈവിക കൽപ്പനകൾ, തിരുനബി[സ] അത് പ്രായോഗികമായി കാണിച്ചുതരികയും ഒരു മാതൃക സ്ഥാപിക്കുകയും ചെയ്തു. ഈ മാതൃക ഇല്ലായിരുന്നുവെങ്കിൽ, ഇസ്‌ലാമിനെ മനസ്സിലാക്കാൻ കഴിയുമായിരുന്നില്ല. എന്നാൽ അടിസ്ഥാനം ഖുർആൻ ആണ്. ചില കശ്ഫുള്ള ആളുകൾ മറ്റുള്ളവർക്ക് അറിയാത്ത അല്ലെങ്കിൽ നിലവിലുള്ള ഹദീസുകളെ സ്ഥിരീകരിക്കുന്ന അത്തരം ഹദീസുകൾ നബിയിൽ നിന്ന് നേരിട്ട് കേൾക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്[അ]ഉം എഴുതിയിട്ടുണ്ട്; ഞാനും ചില ഹദീസുകൾ തിരുനബി[സ]യിൽ നിന്ന് നേരിട്ട് കേട്ടിട്ടുണ്ട്.

ഖുർആന്റെ വാക്ചാതുര്യത്തെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്[അ] പറയുന്നു: ഖുർആന്റെ വാചകത്തിൽ വളരെയധികം വാക്ചാതുര്യവും ഔചിത്യവും സൗമ്യതയും ഊഷ്മളതയും ഉണ്ട്, അറബി അക്ഷരവിന്യാസവും രചനയിൽ നല്ല അവഗാഹവുമുള്ള ഇസ്‌ലാമിന്റെ ഒരു ശക്തനായ എതിരാളിയോട് അധികാരമുള്ള ഭരണാധികാരി, ഇരുപത് വർഷത്തിനുള്ളിൽ വിശുദ്ധ ഖുർആനിലെ രണ്ടോ നാലോ വരികൾക്ക് തുല്യമായ ഒരു ലേഖനം ഉണ്ടാക്കാൻ കൽപ്പിക്കുകയും അതിനു കഴിഞ്ഞില്ലെങ്കിൽ, അതിന്റെ പേരിൽ നിങ്ങൾ മരണ ശിക്ഷയനുഭവിക്കേണ്ടിവരും എന്നു പറയുകയും ചെയ്താൽ ലോകമെമ്പാടുമുള്ള നൂറുകണക്കിന് ഭാഷാപടുക്കളെ സഹായികളാക്കിയാലും അയാൾക്ക് അത് സമർപ്പിക്കൻ സാധ്യമല്ല. ഇതാണ് വിശുദ്ധ ഖുർആന്റെ പൂർണതയും അതിന്റെ വാക്ചാതുര്യവും. ഇതൊരു സാങ്കൽപ്പികമല്ല. വിശുദ്ധ ഖുർആൻ അവതരിച്ചതു മുതൽ ഈ വെല്ലുവിളി ലോകം നേരിടുന്നുണ്ട്. വാക്ചാതുര്യത്തിൽ വിശുദ്ധ ഖുർആനുമായി മത്സരിക്കുക അസാധ്യമാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്[അ] പറയുന്നു.

വിശുദ്ധ ഖുർആന്റെ വാക്ചാതുര്യം വിവരിച്ചുകൊണ്ട് ഒരു സദസ്സിൽ അദ്ദേഹം പറയുന്നു: ഇവിടെ ഈ പ്രത്യക്ഷപ്പെടുന്നത്ര അടയാളങ്ങൾ റസൂലുല്ലഹ്[സ]ന്റെ അഭൗമിക ദൃഷ്ടാന്തങ്ങളും ഈ പ്രവചനങ്ങളും വിശുദ്ധ ഖുർആന്റെ തന്നെ പ്രവചനങ്ങളാണ്. കാരണം അത് തിരുനബിയുടെ പിന്തുടർച്ചയും വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളുടെ ഫലവുമാണ്. ഈ സമയത്ത്, പ്രവചനങ്ങൾ നടത്താൻ കഴിയുമെന്നോ അത് അമാനുഷിക പ്രതിഭാസങ്ങളെ പ്രകടമാക്കുന്നുവെന്നോ അനുയായികൾക്ക് അവകാശപ്പെടാൻ കഴിയുന്ന ഒരു മതവുമില്ല. അതിനാൽ ഈ വശത്ത് വിശുദ്ധ ഖുർആനിന്റെ അത്ഭുതം എല്ലാ ഗ്രന്ഥങ്ങളിലെയും അത്ഭുതങ്ങളേക്കാൾ മികച്ചതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്[അ] പറയുന്നു: വിശുദ്ധ ഖുർആനിലെ ഏറ്റവും ചെറിയ സൂറത്തു നോക്കിയാൽ പോലും വാക്ചാതുര്യത്തിന്റെ തലങ്ങൾക്കു പുറമെ അധ്യാപനത്തിന്റെ വ്യക്തിഗത ഗുണങ്ങളും പൂർണതകളും നിറഞ്ഞിരിക്കുന്നുവെന്ന് മനസ്സിലാകുന്നതാണ്. അതിൽ. സൂറഃ ഇഖ്‌ലാസ് നോക്കൂ, അത് തൗഹീദിന്റെ വിവിധ തലങ്ങൾ വിശദീകരിക്കുകയും എല്ലാത്തരം ശിർക്കുകളും നിരോധിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ, സൂറഃ ഫാത്തിഹ നോക്കൂ, അത് എത്ര അത്ഭുതകരമാണ്. ഏഴ് വാക്യങ്ങളുള്ള ഒരു ചെറിയ സൂറത്ത് എന്നാൽ യഥാർഥത്തിൽ മുഴുവൻ ഖുർആനിന്റെയും സംഗ്രഹവും മേന്മയും ഉള്ളടക്കവുമാണ് അത്. തുടർന്ന് അത് ദൈവത്തിന്റെ അസ്തിത്വം, അവന്റെ ഗുണവിശേഷങ്ങൾ, പ്രാർത്ഥനയുടെ ആവശ്യകത, അത് സ്വീകരിക്കുന്നതിന്റെ കാരണങ്ങൾ മാർഗങ്ങൾ, ഉപയോഗപ്രദവും പ്രയോജനകരവുമായ പ്രാർത്ഥനകളുടെ രീതി, ദോഷകരമായ വഴികൾ ഒഴിവാക്കാനുള്ള മാർഗനിർദേശം എന്നിവ പഠിപ്പിച്ചു. അധികം മതക്കാരും അവരുടെ ഗ്രന്ഥങ്ങളും മറ്റു മതങ്ങളിലെ തിന്മകളും പോരായ്മകളും വിവരിക്കുന്നതും മറ്റുള്ളവരുടെ അധ്യാപനങ്ങളെ വിമർശിക്കുന്നതും നിങ്ങൾ പലപ്പോഴും കാണും. എന്നാൽ ഈ പോയിന്റുകൾ അവതരിപ്പിക്കുമ്പോൾ, ഒരു മതവിശ്വാസിയും ഇതിനെതിരെ ഒരു നല്ല അധ്യാപനം അവതരിപ്പിക്കുന്നില്ല. അത്തരം മോശ കാര്യങ്ങളിൽ നിന്ന് രക്ഷപ്പെടാൻ അതിനുപകരം ഞാൻ

ഈ നല്ല അധ്യാപനം നൽകുന്നു എന്ന് ചെയ്തു കാണിക്കേണ്ടതാണ്. ഈ മേന്മ വിശുദ്ധ ഖുർആനു മാത്രമേയുള്ളൂ. പൊയ്മതങ്ങളെ നിരാകരിക്കു കയും അവയുടെ തെറ്റായ പാഠങ്ങളെ തുറന്നു കാണിക്കുകയും യഥാർത്ഥ അധ്യാപനം സമർപ്പി ക്കുകയും ചെയ്യുന്നു.

വാഗ്ദത്ത മസീഹ്[അ] പറയുന്നു: ചില അജ്ഞർ പറയുന്നു: വിശുദ്ധ ഖുർആനെ നമുക്ക് മനസ്സിലാ ക്കാൻ കഴിയില്ല. അത് വളരെ ബുദ്ധിമുട്ടുള്ളതി നാൽ നാം അത് ശ്രദ്ധിക്കേണ്ടതില്ല. അത് അവ രുടെ അബദ്ധമാണ്. വിശുദ്ധ ഖുർആൻ വിശ്വാസ പ്രശ്നങ്ങളെ അതിവിശിഷ്ടവും സമാനതകളില്ലാ ത്തതുമായ രീതിയിൽ വിശദീകരിച്ചിട്ടുണ്ട്. അതിന്റെ തെളിവുകൾ ഹൃദയങ്ങളിൽ പ്രഭാവമുണ്ടാക്കുന്നു. തികഞ്ഞ നിരക്ഷരരായ അറേബ്യയിലെ കാട്ടിൻ പുറത്തുകാർക്ക് ഖുർആൻ വിശദീകരിച്ചുകൊടുത്തു എന്നിരിക്കെ ഇവർക്ക് ഇപ്പോൾ അത് എന്ത്കൊണ്ട് മനസ്സിലാക്കാൻ കഴിയില്ല.? നേരായതും സരളമാ യതും വ്യക്തവുമായതുമായ യുക്തിയാണ് വിശുദ്ധ ഖുർആനിൽ ഉള്ളത്. സർവ്വശക്തനായ ദൈവം നമ്മെ പഠിപ്പിച്ച നേരായ ഒരു വഴിയാണ് ഇത്. മനുഷ്യൻ വിശുദ്ധ ഖുർആൻ ശ്രദ്ധാപൂർവ്വം വായി ക്കേണ്ടതാണ്. അവന്റെ കൽപ്പനകളും വിലക്കു കളും വെവ്വേറെ നിരീക്ഷിക്കുകയും അവ പാലിക്കു കയും ചെയ്താൽ അവൻ തന്റെ ദൈവത്തെ പ്രസാ ദിപ്പിക്കുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്[അ] പറയുന്നു: വിശുദ്ധ ഖുർആൻ സത്യദൈവത്തെ അവതരിപ്പിക്കുന്നു. ഗുണവിശേഷങ്ങളിൽ ന്യൂനതയുള്ള, ആത്മാക്ക ളുടെ ഉടമസ്ഥനല്ലാത്ത, ആരെയും രക്ഷിക്കാനോ, ആരുടെയും പശ്ചാത്താപം സ്വീകരിക്കാനോ കഴി യാത്ത, ഒരു ദൈവത്തെ വിശുദ്ധ ഖുർആൻ സമർ പ്പിച്ചിട്ടില്ല എന്നതിന് സർവ്വശക്തനായ ദൈവത്തിന് നന്ദി. നമ്മുടെ സ്രഷ്ടാവും ഉടമയും പരിപാലകനും കാരുണികനും കരുണാമയനും പ്രതിഫല ദിന ത്തിന്റെ ഉട്മസ്ഥനുമായ ദൈവത്തിന്റെ ദാസന്മാ രാണ് നാം. അവിടുത്തെ യഥാർത്ഥ വിശേഷണ ങ്ങൾ വെളിവാക്കുന്ന ഒരു ഗ്രന്ഥം നമുക്ക് നൽകിയ തിൽ വിശ്വാസികൾ അവനു നന്ദി കാണിക്കേണ്ടി യിരിക്കുന്നു. ഇത് അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹമാണ്.

വാഗ്ദത്ത മസീഹ്[അ]ന്റെ ജ്ഞാനത്തേയും വിശുദ്ധ ഖുർആന്റെ മഹത്വത്തേയും തുടർന്നും വിശദീകരിക്കുന്നതാണ്. ഇൻശാ അല്ലാഹ്. അല്ലാഹു നമുക്ക് ഈ കാര്യങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കാനും വിശുദ്ധ ഖുർആൻ വായി ക്കാനും മനസ്സിലാക്കാനുമുള്ള കഴിവ് നൽകട്ടെ.

കഴിഞ്ഞ ദിവസങ്ങളിൽ ബംഗ്ലാദേശിൽ നടന്ന വാർഷിക ജൽസയിൽ പ്രക്ഷോപകാരികളുടെയും ഭീകരരുടെയും ആക്രമണം പരാമർശിച്ചുകൊണ്ട് ഹുസൂർ തിരുമനസ്സ് പറഞ്ഞു: പോലീസിന്റെയും ഭരണകൂടത്തിന്റെയും ഉറപ്പിന് ശേഷമാണ് ഈ ജൽസ സംഘടിപ്പിച്ചത്. എന്നാൽ പ്രക്ഷോപകാ രികൾ ആക്രമിച്ചപ്പോൾ പോലീസ് കാഴ്ചക്കാരായി നിന്നു. പിന്നീട് മുകളിൽ നിന്ന് ഉത്തരവ് വന്ന ശേഷമാണ് നടപടി സ്വീകരിച്ചത്. പക്ഷേ അപ്പോ ഴേക്കും ക്രൂരത അതിന്റെ അവസാനത്തിലെത്തി യിരുന്നു. പിന്നീട്, ഈ ആക്രമണത്തിൽ ശഹീ ദായ ബഹുമാന്യ സാഹിദ് ഹുസൈൻ സാഹി ബിന്റെ ശഹാദത്തിനെക്കുറിച്ച് പറഞ്ഞു. അല്ലാഹു അക്രമികളെ പിടികൂടാനുള്ള സാഹചര്യം ഉണ്ടാ ക്കട്ടെ; ഞങ്ങളോട് കരുണയും കൃപയും കാണി ക്കട്ടെ. ഇക്കാലത്ത് ദുആകൾക്ക് വളരെയധികം പ്രാധാന്യം നൽകുക.

അൾജീരിയയിലെ കമാൽ ബദാ സാഹിബ്, കാനഡയിലെ ഡോ. ശമീം അഹ്മദ് മലിക് സാഹിബ, ജർമ്മനിയിലെ ഫർഹാദ് അഹ്മദ് അമീനി സാഹിബ്, കാനഡയിലെ ചൗധരി ജാവേദ് അഹ്മദ് ബിസ്മൽ സാഹിബ് എന്നിവരെയും ഹുസൂർ തിരുമനസ്സ് അനുസ്മരിക്കുകയും ജനാസാ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തുകയും ചെയ്തു.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَنَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ - عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَیَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ-


Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** [atba]

at Masjid Mubarack U.K. – on 10.03.2023

Malayalam Translation & Layout: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516